"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 03-10-2020

## സർക്കുലർ നം 80

1.ജയിൽ സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ ഏതാനും വർഷങ്ങളായി വാർഷിക സ്റ്റോർ & സ്റ്റോക്ക് അക്കൌണ്ട് സ്റ്റേറ്റുമെൻറ് കൃത്യമായി ആസ്ഥാനകാര്യാലയത്തിൽ അയച്ചു തരാത്തത് കാരണം അക്കൌണ്ടൻറ് ജനറലിന് വർഷം തിരിച്ചുള്ള സ്റ്റേറ്റുമെൻറ് സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. 1993-94 കാലയളവിൽ സ്റ്റോർ & സ്റ്റോക്ക് അക്കൌണ്ട് സ്റ്റേറ്റുമെൻറ് ജയിൽവകുപ്പിൽ നിന്നും അക്കൌണ്ടൻറ് ജനറലിന് അയച്ചു കൊടുത്തിരുന്നു.തുടർന്നുള്ള വർഷങ്ങളിലെ സ്റ്റോർ & സ്റ്റോക്ക് അക്കൌണ്ട് സ്റ്റേറ്റ്മെൻ്റുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് ആസ്ഥാന കാര്യാലയത്തിൽ നിന്നും പലതവണ നിർദേശം നൽകിയിരുന്നുവെങ്കിലും പല സ്ഥാപനങ്ങളിൽനിന്നും ആയത് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. മുൻ വർഷങ്ങളിലെ Closing balance ലഭ്യമല്ലാത്തതിനാൽ സ്റ്റോർ & സ്റ്റോക്ക് അക്കൌണ്ട് തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് പല സ്ഥാപനമേധാവികളും വിശദീകരണമായി സമർപ്പിച്ചിട്ടുള്ളത്.എന്നാൽ സ്റ്റോക്ക് രജിസ്റ്ററുകൾ അടിസ്ഥാനമാക്കിയാണ് ടി സ്റ്റേറ്റുമെൻറ് തയ്യാറാക്കേണ്ടത് എന്നതിനാലും, കൃത്യമായി കൈകാര്യം ചെയ്യുന്ന സ്റ്റോക്ക് രജിസ്റ്ററുകളിൽ ഓരോ വർഷത്തെയും ക്ലോസിംഗ് ബാലൻസ് വിവരങ്ങൾ ഉണ്ടായിരിക്കുമെന്നതിനാലും പ്രസ്തുത വിശദീകരണങ്ങൾ സ്വീകാര്യമല്ല.ജയിൽ സ്ഥാപനങ്ങളിലെ സ്റ്റോർ & സ്റ്റോക്ക് അക്കൌണ്ട് യഥാസമയം തയ്യാറാക്കി സമർപ്പിക്കാത്തത് ആഡിറ്റ് വിയോജനമായി നിലനിൽക്കുകയാണ്. ആയതിനാൽ ടി വിഷയത്തിന്റെ ഗൌരവം കണക്കിലെടുത്ത് ഓരോ സ്ഥാപനത്തിലെയും സ്റ്റോർ & സ്റ്റോക്ക് അക്കൌണ്ട് സ്റ്റേറ്റുമെൻറ് തയ്യാറാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ എല്ലാ സ്ഥാപന മേധാവികളും സ്വീകരിക്കേണ്ടതാണ്.കൂടാതെ സ്റ്റോക്ക് രജിസ്റ്ററുകളും , മറ്റ് രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നല്കേണ്ടതും, സ്ഥാപനമേധാവികൾ ആയത് പരിശോധിച്ചു ഉറപ്പ് വരുത്തേണ്ടതുമാണ്.

2. അക്കൌണ്ടൻറ് ജനറലിന് അയച്ചു കൊടുത്ത 1993-94 വർഷത്തെ closing balance രേഖപ്പെടുത്തിയ സ്റ്റോർ & സ്റ്റോക്ക് അക്കൌണ്ട് സ്റ്റേറ്റുമെൻറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത സ്റ്റേറ്റുമെൻറിന്റെ അടിസ്ഥാനത്തിൽ 1994-95 മുതൽ 2019-20 വരെയുള്ള കാലയളവിലെ സ്റ്റോർ & സ്റ്റോക്ക് അക്കൌണ്ട് സ്റ്റേറ്റുമെൻറ് (ഓരോ വർഷത്തെയും പ്രത്യേകം പ്രത്യേകം) തയ്യാറാക്കേണ്ടതാണ്. 1993-94 വർഷത്തെ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥാപനങ്ങൾ അതാത് സ്ഥാപനങ്ങൾ നിലവിൽ വന്ന വർഷം മുതലുള്ള സ്റ്റോർ & സ്റ്റോക്ക് അക്കൌണ്ട് സ്റ്റേറ്റുമെൻറ് തയ്യാറാക്കി അയച്ചു തരേണ്ടതാണ്.

3.താഴെ പറയുന്ന രീതിയിൽ ഓരോ പ്രോഫോർമയും പ്രത്യേകം ഷീറ്റുകളിലായി സ്റ്റോർ & സ്റ്റോക്ക് അക്കൌണ്ട് സ്റ്റേറ്റ്മെൻറ് തയ്യാറാക്കേണ്ടതാണ്.

Proforma I - Consolidate ചെയ്ത പ്രത്യേകം സ്റ്റേറ്റുമെൻറ്
" II - Dietary Charges
" III - Garden Produce
" IV - Clothing and Bedding
" V - Medical and Surgical equipments
" VI - Live Stock
" VII - Miscellaneous Articles
" VIII- Arms and Ammunition

*(Miscellaneous Articles ൻറെ സ്റ്റേറ്റ്മെന്റിൽ ഫർണിച്ചർ,ഇലക്ട്രിക്/ഇലക്ട്രോണിക്/ഐ.ടി ഉപകരണങ്ങൾ ,പാത്രങ്ങൾ,വാഹനങ്ങൾ എന്നിവയുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് സ്റ്റേറ്റുമെൻറ് തയ്യാറാക്കേണ്ടത്. ആസ്ഥാന കാര്യാലയത്തിൽ നിന്നും വിതരണം ചെയ്തത് ഉൾപ്പെടെയുള്ള എല്ലാവിധ സാധനങ്ങളുടെയും വിലയും, മറ്റ് വിവരങ്ങളും കൃത്യമായി സ്റ്റേറ്റുമെൻറിന്റെ കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതും,ലഭ്യമല്ലാത്തവ ആസ്ഥാന കാര്യാലയത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും /ടി ഇനങ്ങൾ വിതരണം ചെയ്ത ഏജൻസികളിൽ നിന്നും ലഭ്യമാക്കി രേഖപ്പെടുത്തേണ്ടതുമാണ്. )*

4. 1993-94 കാലയളവിലെ സ്റ്റേറ്റുമെൻറിലുള്ള closing balance ൻറെ അടിസ്ഥാനത്തിൽ 1994-95 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ സ്റ്റോർ & സ്റ്റോക്ക് അക്കൌണ്ട് രേഖപ്പെടുത്തിയ proforma-I (ഓരോ വർഷത്തെയും വിവരങ്ങൾ പ്രത്യേകം രേഖപ്പെടുത്തിയതു) അടിയന്തിരമായി തയ്യാറാക്കേണ്ടതും **<u>2020 നവംബർ 30 ന്ദ മുൻപ്</u>** <u>പരിശോധനയ്ക്കായി ആസ്ഥാന കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.</u> പ്രസ്തുത വർഷങ്ങളിലെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ മറ്റ് പ്രോഫോർമകൾ (Proforma II മുതൽ VIII വരെയുള്ളവ) തയ്യാറാക്കി അതതു സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന മുറയ്ക്ക് ആസ്ഥാന കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതുമാണ്.

5. 2019-20 വർഷത്തെ സ്റ്റോർ & സ്റ്റോക്ക് അക്കൌണ്ട് സ്റ്റേറ്റുമെൻറ് (*Proforma -I മുതൽ VIII വരെയുള്ള ഓരോ പ്രൊഫോർമയും വിശദമായി പ്രത്യേകം പ്രത്യേകം ഷീറ്റുകളിലായി രേഖപ്പെടുത്തിയ<u>തു (രണ്ടു പകർപ്പുകൾ)</u>*) **<u>2020 ഡിസംബർ 31 ന്ദ മുൻപ്</u>** <u>പരിശോധനയ്ക്കായി അയച്ചുതരേണ്ടതാണ്</u>

6. മാനുഫാക്ചറി വിഭാഗം പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ പഴയ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചു 1994-95 മുതൽ 2018-19 വരെയുള്ള closing balance വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള proforma-IXൽ പ്രത്യേകമായി രേഖപ്പെടുത്തി **<u>2020 നവംബർ 30ന്ദ മുൻപായി</u>** ലഭ്യമാക്കേണ്ടതാണ്.പ്രസ്തുത കാലയളവിലെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ ടി പ്രോഫോർമ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന മുറയ്ക്ക് ആസ്ഥാനകാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതുമാണ്. <u>2019-20 വർഷത്തെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയ പ്രോഫോർമ (proforma-IX)</u> **<u>2020ഡിസംബർ 31ന്ദ മുൻപായി</u>** <u>പരിശോധനയ്ക്കായി അയച്ചുതരേണ്ടതാണ്.</u>

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനങ്ങൾക്കും

പകർപ്പ്: ഫയൽ (SV-22131/2020 )

SV-22131/2020/PrHQ

472970